(ബി) എങ്കിൽ ഇതു സംബന്ധിച്ച റവന്യൂ അധികാരികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കൃഷിനാശവും മറ്റ് വസ്തുവകകളുടെ നാശവും സംഭവിച്ചവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) വീടുകൾ തകർന്നവർക്ക് അവ പുനർനിർമ്മിക്കാൻ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്കുൾപ്പെടെ സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ടോ;

(എഫ്) പ്രകൃതിക്ഷോഭത്തിനിരയായവർക്കെല്ലാം ഉചിതമായ നഷ്ട പരിഹാരം അനുവദിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) പ്രകൃതിക്ഷോഭത്തിൽപ്പെട്ട് തകർന്ന റോഡുകൾ പുനർനിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 208 വീടുകൾക്ക് ഭാഗിക നാശനഷ്ടം സംഭവിക്കുകയും അതിന് 8,32,000 രൂപയും 30 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും ആയതിന് 4,50,000 രൂപയും, കൃഷിനാശം സംഭവിച്ചതിന് 1,19,46,690 രൂപയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) വീടിന് നാശനഷ്ടം സംഭവിച്ചവർക്ക് തലപ്പിള്ളി താലൂക്കാഫീസിൽ നിന്നും തുക വിതരണം ചെയ്തുവരുന്നു. കൃഷിനാശം സംഭവിച്ചവർക്ക് പ്രിൻസിപ്പൽ കൃഷി ആഫീസർ വഴി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) സ്വീകരിക്കുന്നുണ്ട്.

(ജി) ഓരോ പ്രവർത്തിയുടെയും അടിയന്തിര സ്വഭാവം പരിശോധിച്ച ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകി വരുന്നു.

വെള്ളായണി കായലിലെ മണൽ നീക്കം

53 [667] ശ്രീമതി രാധാ രാഘവൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ:
" തമ്പാനൂർ രവി:
" ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിൽ നിന്നും മണൽ നീക്കം ചെയ്യപ്പെടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിത്യേന എത്ര ലോറി മണൽ ആണ് ഈ കായലിൽ നിന്നും നീക്കം ചെയ്യുന്നത്;

(സി) ഇവിടെ നിന്നും മണൽ നീക്കം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ടോ;

(ഡി) ഈ തോതിൽ മണൽ നീക്കം ചെയ്യുന്നതുമൂലം കായലിലെ വാട്ടർ ടേബിൾ നിലനിർത്തുവാൻ കഴിയുമോ?

ഉത്തരം

(എ) മണൽ നീക്കം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിത്യേന ഖനനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കാവുന്നതാണ്.

മലപ്പുറം ജില്ലയിലെ അനധികൃത മണൽ വാരൽ

54 [668] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിച്ച് മണൽ വാരിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മലപ്പുറം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ എത്ര ലോറികൾ പിടിച്ചെടുത്തിട്ടുണ്ട്;

(സി) അനധികൃത മണലെടുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര രൂപ ഫൈൻ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ജില്ലയിൽ വ്യാപകമായ അനധികൃത മണലെടുപ്പ് നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അനധികൃത മണലെടുപ്പ് തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എഫ്) അനധികൃത മണൽ ഖനനം ഇല്ലാതാക്കാൻ എന്തു പരിപാടിയാണ് സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly